പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

12.03.2020 -ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ *215

## തൊഴിലാളി ക്ഷേമം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

ചോദ്യം

ശ്രീ.മുരളി പെരിനെല്ലി
ശ്രീ.എസ്. ശർമ്മ
ശ്രീ.എം.രാജഗോപാലൻ
ശ്രീ.പി. ഉണ്ണി :

ഉത്തരം

ശ്രീ. ടി.പി.രാമകൃഷ്ണൻ
(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

എ) കേന്ദ്ര സർക്കാർ തൊഴിൽ നിയമ ഭേദഗതി വഴിയും വിവിധ തൊഴിൽ കോഡ് വഴിയും മിനിമം വേതനം നൂറ്റി എഴുപത്തിയെട്ട് രൂപയെന്ന യുക്തിരഹിതമായ താഴ്ന്ന നിലവാരത്തിൽ നിർണ്ണയിച്ചു കൊണ്ടും തൊഴിലാളികളെ അരക്ഷിതരാക്കുന്ന നടപടികൾ തുടരുന്നതായി ആക്ഷേപമുള്ള സാഹചര്യത്തിൽ സംസ്ഥാനത്ത് സംരംഭക-തൊഴിലാളി സൗഹൃദാന്തരീക്ഷം സാധ്യമാക്കി തൊഴിലാളി ക്ഷേമം ഉറപ്പാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

എ) ഉദ്പാദനക്ഷമതയിലൂന്നിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തൊഴിലിൽ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യുക, മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം സൃഷ്ടിക്കുകയും അതിലൂടെ ലിംഗസമത്വം ഉറപ്പുവരുത്തുകയും ചെയ്യുക, ന്യായമായ മെച്ചപ്പെട്ട വേതനം, തൊഴിലാളികളുടെ ആരോഗ്യ സുരക്ഷ, തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും ഉറപ്പുവരുത്തി തൊഴിലാളികൾക്ക് മികച്ച തൊഴിലന്തരീക്ഷം സൃഷ്ടിക്കുക, വേതന സുരക്ഷ നടപ്പിലാക്കി തൊഴിൽ സമൂഹത്തിന് സേവന കാലയളവിലും അതിനു ശേഷവും സാമ്പത്തിക ഭദ്രതയും ആരോഗ്യ സംരക്ഷണവും ഉറപ്പു വരുത്തുക, തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങളെ സംരക്ഷിച്ചുകൊണ്ട് സംസ്ഥാനത്ത് സംരംഭക സൗഹൃദ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് തൊഴിൽ വകുപ്പിനെ സജ്ജമാക്കുക എന്നിവയിലൂടെ സമസ്ത മേഖലയിലേയും തൊഴിലാളികൾക്ക് മാന്യമായ വേതനവും സാമൂഹ്യസുരക്ഷയും ഉറപ്പു വരുത്തുകയാണ് സംസ്ഥാന തൊഴിൽ നയത്തിന്റെ ലക്ഷ്യം. കേന്ദ്ര ഗവൺമെന്റ് പാസ്സാക്കുന്ന നിയമങ്ങൾ നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിന് ബാദ്ധ്യതയുണ്ട്. എന്നാൽ ടി നിയമങ്ങളിൽ സംസ്ഥാന സർക്കാരുകൾക്ക് ചട്ടങ്ങൾ രൂപീകരിക്കാൻ നൽകിയിട്ടുള്ള അധികാരം വിനിയോഗിച്ച് സംസ്ഥാനത്തെ തൊഴിലാളികളുടെ താത്പര്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ചട്ടങ്ങൾ രൂപീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാർ പുതിയ വേജ് കോഡ് പ്രകാരം നിശ്ചയിക്കുന്ന ഫ്ളോർ വേജിനേക്കാൾ കുറഞ്ഞ മിനിമം വേതനം നിശ്ചയിക്കാൻ പാടില്ല എന്നതാണ് വേജ് കോഡിലെ വ്യവസ്ഥ. നിലവിൽ കേരളത്തിൽ വിവിധ മേഖലകളിലെ തൊഴിലാളികൾക്ക് നിശ്ചയിച്ചിട്ടുള്ള മിനിമം വേതന നിരക്കുകൾ കേന്ദ്ര സർക്കാരിന്റെ ഫ്ളോർ വേജിനേക്കാൾ കൂടുതലാണ്.

ബി) വ്യവസായബന്ധ സമിതികളുടെ പ്രവർത്തനം ഫലപ്രദമാക്കിക്കൊണ്ടും എല്ലാ വ്യവസായ സ്ഥാപനങ്ങൾക്കും ഗ്രേഡിംഗ് ഏർപ്പെടുത്തിക്കൊണ്ടും തൊഴിലാളി-തൊഴിലുടമ ബന്ധം സംഘർഷരഹിതമാക്കാൻ സാധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

ബി) സാധ്യമായിട്ടുണ്ട്. വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും നിലനിർത്തുന്നതിനുമായി തൊഴിൽവകുപ്പിനു കീഴിൽ 12 വ്യവസായ ബന്ധസമിതികളും ഒരു വ്യവസായബന്ധസമിതി ബോർഡും പ്രവർത്തിച്ചു വരുന്നു. പ്രസ്തുത വ്യവസായ ബന്ധസമിതികൾ നിശ്ചിത ഇടവേളകളിൽ യോഗം ചേരുകയും വ്യവസായ മേഖലയിലെ പ്രശ്നങ്ങൾക്ക് ചർച്ചയിലൂടെ പരിഹാരം കണ്ടെത്തുകയും ചെയ്തുവരുന്നു.

മികച്ച തൊഴിൽ ദാതാവ്, സംതൃപ്തരായ തൊഴിലാളികൾ, മികവുറ്റ തൊഴിൽ അന്തരീക്ഷം, തൊഴിൽനൈപുണ്യ-വികസന പങ്കാളിത്തം, സ്ത്രീ സൗഹൃദം, തൊഴിലാളികളുടെ ക്ഷേമം, തൊഴിലിടങ്ങളിലെ സുരക്ഷ എന്നീ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ഓൺലൈൻ സംവിധാനത്തിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾക്ക് വജ്ര, സുവർണ്ണ, രജത എന്നിങ്ങനെയുള്ള ഗ്രേഡുകൾ നൽകി അംഗീകരിച്ചുവരുന്നു. ഗ്രേഡ് ലഭ്യമാകാത്ത സ്ഥാപനങ്ങൾ വകുപ്പ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമുള്ള അവസ്ഥ മെച്ചപ്പെടുത്തി ആയത് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സുവർണ്ണ, രജത ഗ്രേഡുകൾ ലഭിച്ചിട്ടുള്ള സ്ഥാപനങ്ങൾ കൂടുതൽ മെച്ചപ്പെട്ട ഗ്രേഡുകൾ കരസ്ഥമാക്കുന്നതിനും, വജ്ര ഗ്രേഡ് ലഭിച്ച സ്ഥാപനങ്ങൾ ആയത് നിലനിർത്തുന്നതിനും ശ്രമിക്കുന്നുണ്ട്.

സി) തൊഴിലാളി സംരക്ഷണത്തിനായുള്ള വിവിധ നിയമങ്ങൾ കൃത്യമായി നടപ്പിലാകുന്നുവെന്ന് ഉറപ്പുവരുത്താൻ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

സി) തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. തൊഴിലുടമകൾക്ക് വേതനവിതരണം നടത്തുന്നതിനായി വേതന സുരക്ഷാ പദ്ധതി എന്ന പേരിൽ ഒരു പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങൾക്കും പരാതികൾക്കും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം തൊഴിലുടമകൾക്ക് തൊഴിൽ വകുപ്പിൽ നിന്ന് നൽകിവരുന്ന സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആക്കിയിട്ടുണ്ട്. (രജിസ്ട്രേഷൻ, ലൈസൻസ്, റിന്യൂവൽ, അമന്റ്മെന്റ് തുടങ്ങിയവ ഉൾപ്പെടെ) സർട്ടിഫിക്കറ്റുകൾ തൊഴിലുടമകൾക്ക് ഓൺലൈനായി പ്രിന്റ് ചെയ്തെടുക്കുവാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**